പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3961

21/06/2018 ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

ചോദ്യം

ശ്രീ.കെ. ആൻസലൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ടൂറിസം വകുപ്പിൽ സമർപ്പിക്കുന്നതിനായി ക്ഷേത്രകടവിലും അനുബന്ധ സ്ഥലങ്ങളിലും ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് വേണ്ടി നെയ്യാറ്റിൻകര ദേവസ്വം എ.സി.യ്ക്ക് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ സമഗ്രവികസനം സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ (ജനറൽ)ന് നിർദ്ദേശം നൽകുവാൻ എം.എൽ.എ.യുടെ കത്ത് സഹിതം വിഷയം ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഡി.പി.ആർ തയ്യാറാക്കാൻ കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | 2017 ഏപ്രിൽ മാസം മുതൽ 2018 മാർച്ച് 31 വരെ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ഓരോ ക്ഷേത്രങ്ങളിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ? | (സി) | നെയ്യാറ്റിൻകര - 88,49,089/-<br>രാമേശ്വരം - 29,38,297/-<br>ആറയൂർ - 14,27,606/-<br>അരങ്ങൽ - 17,43,679/-<br>കൂട്ടപ്പന - 16,58,890/-<br>തിരുപുറം - 17,69,518/- |

സെക്ഷൻ ഓഫീസർ